സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 138 2024 സെപ്തംബർ 12 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

വാഹനങ്ങളിൽ സൺ ഫിലിം ഒട്ടിക്കാൻ പച്ചക്കൊടി - സുപ്രധാന ഉത്തരവുമായി ഹൈക്കോടതി

തൃശ്ശൂർ :വാഹനങ്ങളിലെ ഗ്ലാസുകളിൽ സൺ ഫിലിം ഒട്ടിക്കുന്നതിന് ഇളവുമായി ഹൈക്കോടതി ഉത്തരവ്. നിയമാനുസൃതമായ വ്യവസ്ഥകൾ അനുസരിച്ച്, അനുവദനീയമായ വിധത്തിൽ ഫിലിം പതിപ്പിക്കാം എന്നും,അത്തരത്തിൽ ഫിലിം പതിപ്പിച്ച വാഹനങ്ങൾക്ക് പിഴ ഈടാക്കരുതെന്നും കോടതി ഉത്തരവിട്ടു. 70% ത്തിൽ കുറയാത്ത സുതാര്യത മുന്നിലും,പിന്നിലും 50% ത്തിൽ ഇരുവശങ്ങളിലും ഉറപ്പുവരുത്തണമെന്നും കോടതിയുടെ ഉത്തരവിൽ പറയുന്നു. ഈ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടുള്ള വാഹനത്തിന് ആലപ്പുഴയിലെ ഒരു സ്ഥാപനത്തിന് വാഹന രജിസ്ട്രേഷൻ റദ്ദാക്കുമെന്ന് എം വി ഡി നൽകിയ, ഫിലിം ഒട്ടിച്ചതിനെ വാഹന ഉടമയ്ക്ക് പിഴ ചുമത്തിയ നടപടിയും റദ്ദാക്കി കൊണ്ടാണ് ജസ്റ്റിസ് എ നഗരേഷിന്റെ ഉത്തരവ്

അജിത്കുമാറിനെ വെറുതെവിടില്ല

തിരു: എഡിജിപി എംആർ അജിത് കുമാറിനെതിരെ വിജിലൻസ് അന്വേഷണത്തിന് ഡിജിപി ഷേഖ് ദർവേഷ് സാഹിബ് ശുപാർശ ചെയ്തെന്ന് റിപ്പോർട്ട്. അജിത്കുമാറിനെതിരെ പി വി അൻവർ ഉന്നയിച്ച അനധികൃത സ്വത്ത് സമ്പാദനം അടക്കമുള്ള ആരോപണത്തിലാണ് നടപടിയെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

ബന്ധുക്കളുടെ പേരിൽ അനധികൃത സ്വത്ത് സമ്പാദനം, കവടിയാറിലെ ആഡംബര വീട് നിർമ്മാണം തുടങ്ങിയ 5കാര്യങ്ങളിലാണ് അന്വേഷണത്തിന് ശുപാർശ ചെയ്തിരിക്കുന്നത്. ഡിജിപി സർക്കാരിന് നൽകിയിരിക്കുന്ന ശുപാർശ വിജിലൻസിന് കൈമാറും. അന്വേഷണം പ്രഖ്യാപിച്ചാൽ വിജിലൻസ് മേധാവി യോഗേഷ് ഗുപ്ത നേരിട്ടാവും കേസ് അന്വേഷിക്കുക. അന്വേഷണത്തിൽ മുഖ്യമന്ത്രിയുടെ തീരുമാനം ഇന്നുതന്നെ ഉണ്ടായേക്കും.

കൊലപാതകം, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ ആരോപണങ്ങൾ ഉള്ളതിനാൽ അന്വേഷണം കൂടുതൽ കടുപ്പിക്കുകയാണ്. ഇതിന്റെ ഭാഗമായി അൻവറിന്റെ പരാതിയിൽ അജിത്കുമാറിന്റെ മൊഴി രേഖപ്പെടുത്തുന്നതിന് ഡിജിപി നോട്ടീസ് നൽകും. നേരിട്ടോ, എഴുതി തയാറാക്കിയോ മൊഴി രേഖപ്പെടുത്തുന്നതിനാണ് നിർദേശമെന്നാണ് വിവരം. ഓണത്തിന് ശേഷമായിരിക്കും ഇക്കാര്യത്തിൽ നടപടി ഉണ്ടാവുക.

അതേസമയം, അജിത് കുമാറിനെ ക്രമസമാധാന ചുമതലയിൽ നിന്ന് നീക്കണമെന്ന് ഇന്നലെ ചേർന്ന എൽഡിഎഫ് നേതൃയോഗത്തിൽ സിപിഐയും ആർജെഡിയും ആവശ്യപ്പെട്ടെങ്കിലും, എഡിജിപിക്കെതിരെ അന്വേഷണം പ്രഖ്യാപിച്ച സാഹചര്യത്തിൽ അതിന്റെ റിപ്പോർട്ട് വന്നശേഷം നടപടിയെപ്പറ്റി ചിന്തിച്ചാൽ മതിയെന്ന് മുഖ്യമന്ത്രി തറപ്പിച്ചു പറഞ്ഞു. ഡിജിപിയുടെ അന്വേഷണത്തിൽ എല്ലാ ആരോപണങ്ങളും ഉൾപ്പെടുത്തും. അല്ലാതെയുള്ള നടപടി നിയമ,സാങ്കേതിക പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്ന് അദ്ദേഹം വ്യക്തമാക്കിയതോടെ എല്ലാവരും അതിന് വഴങ്ങുകയായിരുന്നു.

സർക്കാർ ഉചിത നിലപാടെടുത്തുവെന്നാണ് മുന്നണിയുടെ ബോദ്ധ്യം. ആരോപണത്തിന്റെ പേരിൽ ശിക്ഷിക്കാനാവില്ല. ക്രമസമാധാന ചുമതലയിൽ നിന്നു എ.ഡി.ജി.പിയെ മാറ്റേണ്ടത് സർക്കാർ ആലോചിക്കേണ്ട വിഷയമാണ്. സ്പീക്കറെന്നത് സ്വതന്ത്ര പദവിയാണ്. എന്ത് പറയണം, പറയേണ്ട എന്ന് തീരുമാനിക്കുന്നത് അദ്ദേഹമാണ്. ഫോൺ ചോർത്തൽ ആരു ചെയ്താലും തെറ്റാണ്.

അൻവർ എഴുതിക്കൊടുത്ത ആരോപണങ്ങളിലെ എല്ലാ പ്രശ്നങ്ങളും അന്വേഷിക്കും. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി.ശശിയെപ്പറ്റി അതിൽ പരാമർശമില്ല. എല്ലാ ദിവസവും ആരോപണമുന്നയിക്കുന്നത് നല്ല ലക്ഷണമല്ല. പി.വി.അൻവറല്ല ഇടതുമുന്നണി. അദ്ദേഹം അംഗം മാത്രമാണ്. നയരൂപീകരണം നടത്തുന്നത് അൻവറല്ലെന്നും ടി.പി.രാമകൃഷ്ണൻ പറഞ്ഞു.

ആട് ആന്റണിയെ വെറുതെ വിട്ടു

തൃശ്ശൂർ : ചേർപ്പ് സ്വദേശിനിയെ ആൾമാറാട്ടം നടത്തി വിവാഹം കഴിച്ച് പീഡിപ്പിച്ച കേസിൽ ആട് ആന്റണിയെ വെറുതെ വിട്ടു.

ചേർപ്പ് സ്വദേശിനിയായ യുവതിയെ മറ്റൊരു പേരിൽ വീട്ടുകാരുമായി കല്യാണം ഉറപ്പിച്ച് വിവാഹം കഴിക്കുകയും പിന്നീട് നിരന്തരമായി ശാരീരികമായി ഉപദ്രവിച്ചു എന്നതായിരുന്നു പോലീസ് കേസ്.

എന്നാൽ പ്രതി കുറ്റം ചെയ്തു എന്ന് തെളിയിക്കാൻ പ്രോസിക്യൂഷന് സാധിക്കാത്തതിനാലും സാക്ഷികൾക്ക് പ്രതിയെ തിരിച്ചറിയാൻ സാധിച്ചില്ല എന്നതും ചൂണ്ടി കാണിച്ചാണ് തൃശ്ശൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് നമ്പർ – 1 കോടതി പ്രതിയെ കുറ്റക്കാരനല്ലെന്ന് കണ്ട് വെറുതെ വിട്ടത്. പ്രതിക്കു വേണ്ടി അഡ്വ. സുഷിൽ വിജി, അഡ്വ. അജു സാഗരൻ, അഡ്വ. എബ്രഹാം എൽസി എന്നിവർ ഹാജരായി.

ലൈംഗികാതിക്രമ കേസ്: സംവിധായകൻ രഞ്ജിത്തിനെ അന്വേഷണസംഘം ചോദ്യം ചെയ്യുന്നു

കൊച്ചി: ലൈംഗികാതിക്രമ കേസിൽ സംവിധായകൻ രഞ്ജിത്ത് പ്രത്യേക അന്വേഷണ സംഘത്തിന് (എസ്.ഐ.ടി) മുന്നിൽ ചോദ്യം ചെയ്യലിന് ഹാജരായി. കൊച്ചിയിലെ മറൈൻ ഡ്രൈവിലുള്ള തീരദേശ ഐ.ജി. ഓഫീസിലാണ് ചോദ്യം ചെയ്യൽ പുരോഗമിക്കുന്നത്. രാവിലെ 11:10–ഓടെയാണ് രഞ്ജിത്ത് എത്തിയത്. എ.ഐ.ജി. പൂങ്കുഴലിയുടെ നേതൃത്വത്തിലാണ് ചോദ്യം ചെയ്യൽ. എസ്.ഐ.ടിയിലെ ഡി വൈ.എസ്.പിമാർ ഉൾപ്പെടെയുള്ളവരും സ്ഥലത്തുണ്ട്.

പാലേരി മാണിക്യം എന്ന ചിത്രത്തിൽ അഭിനയിക്കാനായി വിളിച്ചുവരുത്തിയ ശേഷം കൊച്ചിയിലെ ഫ്ളാറ്റിൽ വെച്ച് ബംഗാളി നടിക്കുനേരെ ലൈംഗികാതിക്രമം നടത്തിയെന്നാണ് രഞ്ജിത്തിനെതിരായ പരാതി. സിനിമയിൽ അവസരം വാഗ്ദാനം ചെയ്ത് ബെംഗളൂരുവിലെ ആഡംബര ഹോട്ടൽ മുറിയിൽ വെച്ച് ലൈംഗികമായി പീഡിപ്പിച്ചുവെന്ന കോഴിക്കോട് സ്വദേശിയായ യുവാവിന്റെ പരാതിയിലും രഞ്ജിത്തിനെതിരെ കേസുണ്ട്.

അതേസമയം ചോദ്യം ചെയ്യലിനായി ഐ.ജി. ഓഫീസിലെത്തിയ രഞ്ജിത്ത് പ്രതികരിക്കാൻ തയ്യാറായില്ല. അന്വേഷണ സംഘം വിളിച്ചിട്ടാണ് വന്നതെന്നും അവരെ കണ്ടിട്ട് വരാമെന്നുമാണ് ഐ.ജി. ഓഫീസിലെത്തിയ രഞ്ജിത്ത് ചിരിയോടെ പറഞ്ഞത്. യാഥാർഥ്യമെന്താണെന്ന ചോദ്യത്തിന്, അവരോട് പറയാമെന്നും രഞ്ജിത്ത് പറഞ്ഞു. ഭയമുണ്ടോ എന്ന ചോദ്യത്തോട് രഞ്ജിത്ത് പ്രതികരിച്ചില്ല. ജാമ്യം കിട്ടാവുന്ന വകുപ്പുൾ പ്രകാരമാണ് രഞ്ജിത്തിനെതിരെ കേസെടുത്തത്.

മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നത് ശുദ്ധ അസംബന്ധം

തിരു: എ.ഡി.ജി.പി എം. ആർ അജിത് കുമാർ ആർ.എസ്.എസ് നേതാക്കളുമായി നടത്തിയ കൂടിക്കാഴ്ചയുമായി ബന്ധപ്പെട്ട് മാധ്യമങ്ങൾ ശുദ്ധ അസംബന്ധമാണ് പ്രചരിപ്പിക്കുന്നതെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ. എ.ഡി.ജി.പിക്കെതിരായി ഡി.ജി.പിയുടെ നേതൃത്വത്തിൽ നടക്കുന്ന അന്വേഷണം ഒരു മാസത്തിനകം പൂർത്തിയാക്കും. ഇതിന്റെ റിപ്പോർട്ട് ലഭിച്ചതിന് ശേഷം തുടർ നടപടികൾ സ്വീകരിക്കും.

പി.ശശിക്കെതിരെ ഇതുവരെ രേഖാമൂലം പരാതി ലഭിച്ചിട്ടില്ല. അത് ലഭിച്ചാൽ തുടർ നടപടികൾ സ്വീകരിക്കും. എ.ഡി.ജി.പി–ആർ.എസ്.എസ് കൂടിക്കാഴ്ചയിൽ എൽ.ഡി.എഫിൽ പ്രതിസന്ധിയില്ല. ഘടകകക്ഷികൾ എല്ലാവരും ഇക്കാര്യത്തിൽ ഒറ്റക്കെട്ടാണ്. കഴിഞ്ഞ ദിവസം നടന്ന മുന്നണി യോഗത്തിൽ ഒറ്റക്കെട്ടായി എല്ലാവരും ഒരുമിച്ചാണ് തീരുമാനമെടുത്തത്.

ഇക്കാര്യത്തിൽ ഘടകകക്ഷികളുടെ അഭിപ്രായം പരിഗണിക്കും. എ.ഡി.ജി.പി വിവാദത്തിൽ സർക്കാറിന് ഒരു പ്രതിസന്ധിയുമില്ല. ഇക്കാര്യത്തിൽ സർക്കാറിൽ പ്രതിസന്ധിയുണ്ടെന്ന് വരുത്തി തീർക്കാനാണ് മാധ്യമങ്ങൾ ശ്രമിക്കുന്നതെന്നും സി.പി.എം സംസ്ഥാന സെക്രട്ടറി ആരോപിച്ചു.

എഡിജിപിയുടെ മൊഴിയെടുത്ത് ഡിജിപി

തിരു : പിവി അൻവർ എംഎൽഎയുടെ ആരോപണങ്ങളിൽ എഡിജിപി എം.ആർ അജിത്കുമാറിന്റെ മൊഴിയെടുത്ത് സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ്. എഡിജിപി മൊഴി നൽകുന്നതിന് പോലീസ് ആസ്ഥാനത്തെത്തി. എഡിജിപിയുടെ മൊഴിയെടുക്കുന്നതിന് നോട്ടീസ് നൽകുമെന്നും ഓണത്തിന് ശേഷമായിരിക്കും മൊഴിയെടുക്കുകയെന്നുമുള്ള റിപ്പോർട്ടുകൾക്ക് പിന്നാലെയാണ് അപ്രതീക്ഷിത നടപടി.

ഡിജിപി നേരിട്ടാണ് മൊഴിയെടുക്കുന്നതെന്നാണ് വിവരം. യൂണിഫോമിൽ ഔദ്യോഗിക വാഹനത്തിലാണ് അജിത്കുമാർ പോലീസ് ആസ്ഥാനത്തെത്തിയത്. കീഴുദ്യോഗസ്ഥർ മൊഴിയെടുപ്പിൽ ഉണ്ടാവരുതെന്ന് എഡിജിപി ആവശ്യപ്പെട്ടിരുന്നു. ഇത് അംഗീകരിച്ച് ഡിജിപി മാത്രമാണ് മൊഴിയെടുക്കുന്നതെന്നാണ് സൂചന. കഴിഞ്ഞ ദിവസം പിവി അൻവർ എംഎൽഎയുടെ മൊഴിയും രേഖപ്പെടുത്തിയിരുന്നു. മൊഴിയെടുപ്പ് മണിക്കൂറുകൾ നീണ്ടുനിന്നിരുന്നു.

എഡിജിപിക്കെതിരായ ആരോപണങ്ങളിൽ സംസ്ഥാന പോലീസ് മേധാവി നിലപാട് കടുപ്പിക്കുയാണ്. അന്വേഷണം വളരെ ഗൗരവത്തോടെ മുന്നോട്ട് കൊണ്ടുപോകാനാണ് ഡിജിപിയുടെ തീരുമാനം. തട്ടികൊണ്ടുപോകൽ, കൊലപാതകമടക്കമുള്ള ആരോപണങ്ങളാണ് ഡിജിപിയുടെ നേതൃത്വത്തിൽ അന്വേഷിക്കുന്നത്. അനധികൃത സ്വത്തുസമ്പാദനമുൾപ്പെടെയുള്ള സാമ്പത്തിക കുറ്റകൃത്യങ്ങൾ വിജിലൻസ് അന്വേഷിക്കണമെന്നും ഡിജിപി ശുപാർശ ചെയ്തിരുന്നു. ശുപാർശ മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ട്. വിഷയത്തിൽ മുഖ്യമന്ത്രി ഇന്ന് തീരുമാനമെടുക്കുമെന്നാണ് പുറത്തുവരുന്ന വിവരം.

സംശയകരമായി കുട്ടികളുടെ കയ്യിൽ 'മിഠായികൾ' കണ്ടെത്തിയാൽ എക്സൈസിനെ വിവരം അറിയിക്കുക

ആലപ്പുഴയിലും തൃശൂരിലും കഞ്ചാവ് വിൽപ്പനക്കാരിൽ നിന്നും എക്സൈസ് സംശയകരമായി പിടികൂടിയ മിഠായികളിൽ കഞ്ചാവിന്റെ സാന്നിദ്ധ്യം സ്ഥിരീകരിച്ച് ലാബ് പരിശോധനാ ഫലം. സംശയകരമായി കുട്ടികളുടെ കയ്യിൽ ഇത്തരത്തിൽ എന്തെങ്കിലും കണ്ടെത്തിയാൽ എക്സൈസിനെ വിവരം അറിയിക്കണമെന്നും, രക്ഷിതാക്കൾ ജാഗരൂകരായിരിക്കണമെന്നും അധികൃതർ അറിയിച്ചു. എക്സൈസ് കൺട്രോൾ റൂം നമ്പറുകൾ: 9447178000, 9061178000

ബംഗളൂരുവിൽ നിന്നും 54 ഗ്രാം MDMA ബസിൽ കടത്തിക്കൊണ്ടു വന്ന പ്രതിക്ക് 10 വർഷം കഠിന തടവും ഒരു ലക്ഷം രൂപ പിഴയും ശിക്ഷ വിധിച്ചു. കുമ്പള എക്സൈസ് റേഞ്ചിലെ NDPS ക്രൈം നമ്പർ 27/2022 ലെ പ്രതിയായ കാസർകോട് ചട്ടഞ്ചാൽ സ്വദേശി മുഹമ്മദ് ആഷിക്.ടി.കെ എന്നയാളെയാണ് കോടതി ശിക്ഷിച്ചത്.

2022 ഒക്ടോബർ 21നാണ് കേസിനാസ്പദമായ സംഭവം നടന്നത്. മഞ്ചേശ്വരം എക്സൈസ് ചെക്ക്പോസ്റ്റിലെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഷിജിൽ കുമാർ.കെ.കെയും പാർട്ടിയും നടത്തിയ വാഹന പരിശോധനയിൽ മയക്കുമരുന്നുമായി ഇയാൾ പിടിയിലാവുകയായിരുന്നു. കാസർകോട് അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജ്-II പ്രിയ.കെ ആണ് വിധിന്യായം പുറപ്പെടുവിച്ചത്.

പ്രക്ഷോഭം കനത്തു, രാജ്ഭവന് സമീപത്തും സംഘർഷം; സംസ്ഥാനംവിട്ട് മണിപ്പൂർ ഗവർണർ

ഇംഫാൽ: വിദ്യാർഥി പ്രക്ഷോഭം ശക്തമായതിന് പിന്നാലെ മണിപ്പൂരിന്റെ അധിക ചുമതല വഹിക്കുന്ന അസം ഗവർണർ ഇംഫാൽ വിട്ട് ഗുവാഹത്തിയിലേക്ക് പോയതായി റിപ്പോർട്ട്. ഇംഫാലിൽ രാജ്ഭവന് നേരെ വിദ്യാർഥി പ്രക്ഷോഭം ശക്തമായതിന് പിന്നാലെയാണ് ഗവർണർ ലക്ഷ്മൺ പ്രസാദ് ആചാര്യ മണിപ്പൂർ വിട്ടത്. നിലവിൽ അദ്ദേഹം ഗുവാഹാട്ടിയിലാണ് ഉള്ളതെന്ന് ഉന്നത ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ടുചെയ്തു. എന്നാൽ രാജ്ഭവൻ വൃത്തങ്ങൾ ഇക്കാര്യം നിഷേധിച്ചിട്ടുണ്ട്.

മണിപ്പൂർ സർക്കാരിന്റെ സുരക്ഷാ ഉപദേഷ്ടാവിനെയും ഡി.ജി.പി.യെയും നീക്കണമെന്നാവശ്യപ്പെട്ടാണ് വിദ്യാർഥികൾ രാജ്ഭവനിലേക്ക് പ്രതിഷേധമാർച്ച് നടത്തിയത്. അസം ഗവർണറായ ലക്ഷ്മൺ പ്രസാദിന് നിലവിൽ മണിപ്പൂരിന്റെ അധികചുമതലയാണ്. അദ്ദേഹം ഇന്നലെ രാവിലെ ഗുവാഹാട്ടിയിലേക്ക് പോയതായി അധികൃതർ അറിയിച്ചു.

ചൊവ്വാഴ്ചരാത്രി വിദ്യാർഥി പ്രതിനിധികൾ ഗവർണറുമായി കൂടിക്കാഴ്ച നടത്തിയിരുന്നതായി രാജ്ഭവൻ അറിയിച്ചു. വിദ്യാർഥികളുടെയും ജനങ്ങളുടെയും താത്പര്യം മുൻനിർത്തി ഉചിതനടപടികൾ സ്വീകരിക്കുമെന്ന് ഗവർണർ ഉറപ്പുനൽകിയെങ്കിലും സംസ്ഥാനത്ത് സംഘർഷഭീതി തുടരുകയാണ്. ഇംഫാലിൽ ഏർപ്പെടുത്തിയ കർഫ്യൂ ബുധനാഴ്ചയും തുടർന്നു. സംഘർഷസാധ്യത മുന്നിൽക്കണ്ട് പ്രദേശത്ത് കൂടുതൽ സുരക്ഷാസേനയെ വിന്യസിച്ചിട്ടുണ്ട്. ഇന്റർനെറ്റ് സേവനവും റദ്ദാക്കിയിട്ടുണ്ട്.

മണിപ്പൂർ സർവകലാശാലയിലെ എല്ലാ ബിരുദ പരീക്ഷകളും മാറ്റിവെച്ചു. രാജ്ഭവന് സമീപം ചൊവ്വാഴ്ചയുണ്ടായ സംഘർഷത്തിൽ 55–ലധികം വിദ്യാർഥികൾക്കാണ് പരിക്കേറ്റത്.

കാമുകൻ പിണങ്ങിയപ്പോൾ സൗഹൃദം, ഒഴിവാക്കാൻ അരുംകൊല; എസ്.ഐ.യെ കാറിടിപ്പിച്ച് കൊന്നത് വനിതാ കോൺസ്റ്റബിൾ

ഭോപ്പാൽ: മധ്യപ്രദേശിലെ രാജ്ഘട്ടിൽ എസ്.ഐ.യെ വനിതാ കോൺസ്റ്റബിൾ കാറിടിപ്പിച്ച് കൊലപ്പെടുത്തി. രാജ്ഘട്ടിലെ എസ്.ഐ.യായ ദീപാങ്കർ ഗൗതം ആണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ പാച്ചോർ പോലീസ് സ്റ്റേഷനിലെ കോൺസ്റ്റബിൾ പല്ലവി സൊളാങ്കി, കാമുകൻ കരുൺ ഠാക്കൂർ എന്നിവർ പോലീസിൽ കീഴടങ്ങി. ഇരുവരുടെയും അറസ്റ്റ് രേഖപ്പെടുത്തി.

ചൊവ്വാഴ്ച രാത്രിയായിരുന്നു സംഭവം. രാജ്ഘട്ടിലെ ഒരു പെട്രോൾപമ്പിന് സമീപത്തുവെച്ചാണ് എസ്.ഐ.യെ പ്രതികൾ കാറിടിപ്പിച്ച് വീഴ്ത്തിയത്. ഇടിച്ചിട്ട ശേഷം എസ്.ഐ.യെ പ്രതികൾ കാറിൽ വലിച്ചിഴക്കുകയുംചെയ്തു. പല്ലവിയാണ് കാറോടിച്ചിരുന്നത്. സംഭവത്തിൽ തലയ്ക്കും കാലിനും ഗുരുതരമായി പരിക്കേറ്റ എസ്.ഐ.യെ ഭോപ്പാലിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ചികിത്സയിലിരിക്കെ മരിച്ചു. അതേസമയം, പല്ലവിയും കാറിലുണ്ടായിരുന്ന സുഹൃത്ത് കരണും സംഭവത്തിന് പിന്നാലെ പോലീസ് സ്റ്റേഷനിലെത്തി കീഴടങ്ങി കുറ്റം സമ്മതിക്കുകയായിരുന്നു.

പ്രതികളായ പല്ലവിയും കരണും നേരത്തെ അടുപ്പത്തിലായിരുന്നുവെന്ന് പോലീസ് പറഞ്ഞു. ആഴ്ചകൾക്ക് മുൻപ് ഇരുവർക്കുമിടയിൽ തർക്കങ്ങളുണ്ടായി ഇരുവരും പിണങ്ങി. തുടർന്ന് പല്ലവി എസ്.ഐ.യായ ഗൗതവുമായി സൗഹൃദത്തിലായി. എന്നാൽ, ദിവസങ്ങൾക്ക് മുൻപ് പല്ലവിയും കരണും തമ്മിൽ പ്രശ്നങ്ങളെല്ലാം പറഞ്ഞുതീർത്തു. ഇതോടെ എസ്. ഐ.യുമായുള്ള സൗഹൃദം അവസാനിപ്പിക്കാൻ യുവതി തീരുമാനിച്ചു. പക്ഷേ, എസ്.ഐ. സൗഹൃദത്തിൽനിന്ന് പിന്മാറാൻ തയ്യാറായില്ല. തുടർന്നാണ് പ്രതികൾ കൊലപാതകം ആസൂത്രണംചെയ്തതെന്നും പോലീസ് പറഞ്ഞു.

'വഖഫ് ബോർഡ് ഇല്ലാതാക്കണം'; കൂട്ടത്തോടെ ഇ–മെയിൽ അയയ്ക്കാൻ ബിജെപി

ന്യൂഡൽഹി: ഒരു രാജ്യം ഒരു നിയമം എന്നത് യാഥാർഥ്യമാക്കാൻ വഫഖ് ബോർഡ് ഇല്ലാതാക്കണമെന്ന ആവശ്യവുമായി ബിജെപി. വഖഫ് ബില്ലിനെ പിന്തുണച്ച് പൊതുജനാഭിപ്രായ രൂപീകരണത്തിൽ മേൽക്കൈ നേടാൻ ബിജെപി ഇ മെയിൽ ക്യാംപെയിൻ തുടങ്ങുന്നു. ബിൽ പരിഗണിക്കുന്ന പാർലമെൻററി സമിതിക്ക് പാർട്ടി സംവിധാനം വഴി കൂട്ടത്തോടെ മുൻകൂട്ടിതയ്യാറാക്കിയ ഇ മെയിൽ അയക്കാനാണ് നീക്കം.

വഖഫ് നിയമത്തിൽ 40 ഭേദഗതികൾ കൊണ്ടുവരാൻ ലക്ഷ്യമിട്ടുള്ള ബിൽ പ്രതിഷേധങ്ങളെത്തുടർന്ന് കേന്ദ്രസർക്കാർ പാർലമെൻററി സമിതിക്ക് വിടുകയായിരുന്നു. ബിജെപി എംപി ജഗദാംബിക പാൽ അധ്യക്ഷനായ സമിതിയിൽ ലോക്സഭയിൽ നിന്ന് 21 ഉം രാജ്യസഭയിൽ നിന്ന് 10 ഉം അംഗങ്ങളുണ്ട്. ബില്ലിനെ പിന്തുണച്ച് പാർലമെൻററി സമിതിക്ക് കൂട്ടത്തോടെ ഇ മെയിൽ അയക്കാനാണ് ബിജെപിയുടെ നീക്കം. വഖഫ് നിയമം വിവേചനപരവും മതേതര മൂല്യത്തിന് വിരുദ്ധമാണെന്നും ഇ മെയിലിൽ പറയുന്നു.

മതിയായ നിയമപരിശോധനകളില്ലാതെ പല ഭൂമിയിലും വഖഫ് ബോർഡ് അവകാശം ഉന്നയിക്കുന്നതായി പരാതിയുണ്ട്. ഇവ വ്യക്തികളുടെ ഭൂ സ്വത്ത് അവകാശത്തെയും സാമൂഹിക സൗഹാർദത്തെയും ബാധിക്കുന്നു. വഖഫ് ബോർഡുകളുടെ പ്രവർത്തനത്തിൽ സുതാര്യതയില്ല. അധികാര ദുർവിനിയോഗം നടത്തുന്നതായി ആരോപണമുണ്ട്. ഒരു രാജ്യം ഒരു നിയമം എന്നത് യാഥാർഥ്യമാക്കാൻ വഖഫ് ബോർഡ് ഇല്ലാതാക്കണം. വഖഫ് ബോർഡുകൾ ഉടൻ ഇല്ലാതാക്കാൻ കഴിയില്ലെങ്കിൽ ബോർഡിന്റെ ഘടനയിൽ മാറ്റം വരുത്തുന്നതും ഭൂമി തർക്കങ്ങൾ ജുഡീഷ്യൽ നടപടികൾക്ക് വിധേയമാക്കണമെന്നും ശുപാർശ ചെയ്യുന്നു. വഖഫ് ബോർഡിന്റെ സ്വത്തുക്കളുടെ വിവരങ്ങൾ പരസ്യപ്പെടുത്തണമെന്നും ബിജെപി ആവശ്യപ്പെടുന്നു. ഓരോ ബൂത്തിൽ നിന്നും മൂന്ന് പേരെങ്കിലും വഖഫ് ബില്ലിനെ പിന്തുണച്ച് ഇ മെയിൽ അയക്കാൻ ബിജെപി നേതൃത്വത്തിന്റെ നിർദേശം.

സ്കൂട്ടർ ഇടിച്ച് 2 പേർക്ക് പരിക്ക്

കേച്ചേരി: കേച്ചേരി–വടക്കാഞ്ചേരി റോഡിൽ, റെനിൽ വഴിക്ക് സമീപം സ്കൂട്ടർ ഇടിച്ച് കാൽനട യാത്രക്കാരനായ വിദ്യാർത്ഥി തലക്കോട്ടുകര സ്വദേശി പണിക്കവീട്ടിൽ ഉമ്മർ മകൾ സിയാന്നെസ്റിൻ (15), സ്കൂട്ടർ യാത്രികൻ കേച്ചേരി സ്വദേശി പണിക്കവീട്ടിൽ ഷാഹിദ് മകൻ സഹൽ (18) എന്നിവർക്ക് പരിക്ക് പറ്റി.

14 വയസ്സുള്ള മകനെ വെട്ടിക്കൊന്ന് മണ്ണെണ്ണ ഒഴിച്ചു കത്തിച്ച കേസ്; അമ്മയെ വിട്ടയച്ചു

കൊല്ലം: കൊല്ലത്ത് 14 വയസ്സുള്ള മകനെ വെട്ടിക്കൊലപ്പെടുത്തി മണ്ണെണ്ണ ഒഴിച്ചു കത്തിച്ച കേസിൽ പ്രതിയായിരുന്ന കുട്ടിയുടെ അമ്മയെ കോടതി വിട്ടയച്ചു. നെടുമ്പന കുരീപ്പള്ളി സ്വദേശിനിയായ ജയമോളെയാണ് അഡീഷനൽ സെഷൻസ് കോടതി വിട്ടയച്ചത്. സാക്ഷികൾ കൂറുമാറിയതും ശാസ്ത്രീയതെളിവുകളുടെ അഭാവവുമാണ് കേസിൽ തിരിച്ചടിയായതെന്നാണ് പ്രോസിക്യൂഷൻ വിശദീകരണം.

2018 ജനുവരി 15നാണ് നാടിനെ നടുക്കിയ കൊലപാതകം ഉണ്ടായത്. നെടുമ്പന കുരീപ്പള്ളി കാട്ടൂർ മേലേഭാഗം സെബദിയിൽ ജോബ് ജി ജോണിന്റെ മകൻ 14വയസുള്ള ജിത്തുവിനെ കൊലപ്പെടുത്തിയ കേസിലാണ് കുട്ടിയുടെ അമ്മ 50 വയസുകാരി ജയമോളെ കോടതി വിട്ടയച്ചത്. കൊല്ലം രണ്ടാം അഡീഷനൽ സെഷൻസ് കോടതി ജഡ്ജ് പി.എൻ.വിനോദാണ് കേസിൽ വിധി പറഞ്ഞത്. തെളിവുകളുടെ അഭാവത്തിൽ പ്രോസിക്യൂഷന് കേസ് തെളിയിക്കാൻ കഴിഞ്ഞില്ല.

ബന്ധുക്കൾ ഉൾപ്പെടെ സാക്ഷികൾ കൂറുമാറിയതും ശാസ്ത്രീയതെളിവുകളുടെ അഭാവവുമാണ് കേസിൽ തിരിച്ചടിയായതെന്നാണ് പ്രോസിക്യൂഷൻ വിശദീകരണം. ജയമോൾ ഷാൾ ഉപയോഗിച്ചു മകന്റെ കഴുത്തു മുറുക്കി ശ്വാസം മുട്ടിക്കുകയും അബോധാവസ്ഥയിൽ നിലത്തു വീണ കുട്ടിയെ കറിക്കത്തി ഉപയോഗിച്ചു വെട്ടിക്കൊലപ്പെടുത്തുകയും ചെയ്തു. ഇതിനു ശേഷം പുറത്തുകൊണ്ടുപോയി മണ്ണെണ്ണ ഒഴിച്ചു ഭാഗികമായി കത്തിച്ചു. പിന്നീട് മൃതദേഹം വീടിനു പിന്നിലെ പുരയിടത്തിൽ വാഴക്കൂട്ടത്തിന് ഇടയിൽ ഉപേക്ഷിച്ചു എന്നായിരുന്നു കേസ്. പ്രോസിക്യൂഷൻ ഭാഗത്തുനിന്നു മുപ്പതു സാക്ഷികളെ വിസ്തരിച്ചിരുന്നു. മൃതദേഹം കത്തിക്കാൻ മണ്ണെണ്ണ കൈമാറിയെന്ന് അന്ന് പോലീസിന് മൊഴി നൽകിയ സ്ത്രീ ഉൾപ്പെടെ പിന്നീട് കൂറുമാറിയിരുന്നു. ശാസ്ത്രീയ തെളിവുകൾ വളരെ കുറവായിരുന്നതായും പ്രോസിക്യൂട്ടർ അറിയിച്ചു.

നിര്യാതനായി

പള്ളി

പുതുക്കാട്, തെക്കേ തൊറവ്, പന്തലുവളളപ്പിൽ കുറുപ്പൻ മകൻ പള്ളി 75 വയസ്സ് നിര്യാതയായി. സംസക്കാര കർമ്മം ഇന്ന് ഉച്ചതിരിഞ്ഞ് 3 മണിക്ക് ഭാര്യ – പരേതയായ ഓമന, മക്കൾ–പരേതയായ രാഗി, രാജേഷ്, മരുമക്കൾ– സന്തോഷ്, ജിത

കോടതി പരസ്യം

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

സെന്റ് ജോസഫ്സ് കോളജിൽ ചെണ്ടുമല്ലി വിളവെടുപ്പുമായി നാഷണൽ സർവീസ് സ്കീം

ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് കോളജിൽ ഓണത്തിന് വസന്തോത്സവമൊരുക്കി നാഷണൽ സർവീസ് സ്കീം. 50, 167 എൻ എസ് എസ് യൂണിറ്റുകളിലെ വൊളണ്ടിയർമാർ ഒരുക്കിയ ചെണ്ടുമല്ലി തോട്ടത്തിന്റെ വിളവെടുപ്പ് ഉദ്ഘാടനം ഇരിങ്ങാലക്കുട കൃഷിഭവൻ അസി. കൃഷി ഓഫീസർ ഉണ്ണി എം. കെ. നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. സി. ബ്ലെസി പൂക്കളുടെ ആദ്യ വിതരണം നടത്തി. എൻ എസ് എസ് പ്രോഗ്രാം ഓഫീസർമാരായ വീണ സാനി, ഡോ. ഊർസുല എൻ, മഞ്ജു ഡി, ധന്യ കെ. ഡി എന്നിവർ നേതൃത്വം നൽകി. വിളവെടുപ്പിലെ ലാഭം സ്നേഹവീട് നിർമാണത്തിനാണ് എൻ എസ് എസ് ഉപയോഗിക്കുന്നത്.

ദേശീയപാത നിയമങ്ങളിൽ ഭേദഗതിയുമായി കേന്ദ്രസർക്കാർ

ഇനി സ്വകാര്യ വാഹനങ്ങൾക്ക് 20 കിലോമീറ്റർ ദൂരം വരെ ടോൾ ടാക്സ് ഇല്ല

തൃശൂർ:ദേശീയപാത നിയമങ്ങളിൽ ഭേദഗതി വരുത്താനൊരുങ്ങി കേന്ദ്രസർക്കാർ.പുതിയ ഭേദഗതി നടപ്പിലാക്കുന്നതോടെ ദേശീയപാതയിലെ ടോൾ നിരക്കുകളിൽ മാറ്റമുണ്ടാകും.പ്രത്യേകിച്ചും സ്വകാര്യ വാഹനങ്ങൾക്ക് ആയിരിക്കും കേന്ദ്രസർക്കാരിന്റെ പുതിയ ഭേദഗതിയിലൂടെ ഗുണമുണ്ടാവുന്നത്.സ്വകാര്യ വാഹന ഉടമകൾക്ക് പ്രയോജനം ചെയ്യുന്ന 2008ലെ ദേശീയ പാത ഫീസ് (നിരക്കുകളും ശേഖരണവും നിശ്ചയിക്കൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തുമെന്നാണ് ഗതാഗത മന്ത്രാലയം അറിയിച്ചിട്ടുള്ളത്.പുതുക്കിയ ചട്ടങ്ങൾ പ്രകാരം ഫങ്ഷണൽ ഗ്ലോബൽ നാവിഗേഷൻ സാറ്റലൈറ്റ് സിസ്റ്റം (ജിഎൻഎസ്എസ്) ഉള്ള സ്വകാര്യ വാഹന ഉടമകൾക്ക് ടോൾ ടാക്സ് ഇളവുകൾ ലഭിക്കുന്നതായിരിക്കും.ജിഎൻഎസ്എസ് സജ്ജീകരിച്ചിട്ടുള്ള സ്വകാര്യ വാഹനങ്ങൾക്ക് ഹൈവേകളിലും എക്സ്പ്രസ് വേകളിലും പ്രതിദിനം 20 കിലോമീറ്റർ വരെ യാതൊരു ടോൾ ടാക്സും ഈടാക്കില്ല. 20 കിലോമീറ്ററിൽ കൂടുതലുള്ള യാത്രകൾ ആണെങ്കിൽ യാത്രാ ദൂരത്തെ അടിസ്ഥാനമാക്കിയായിരിക്കും ഫീസ് ഈടാക്കുന്നത് എന്നും ഗതാഗത മന്ത്രാലയം അറിയിച്ചു.

ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിലെ ഇന്നത്തെ പൂക്കളം

ബാത്ത് & ബോഡി വർക്ക്സ് ഓണം ഗിഫ്റ്റ് സെറ്റുകൾ അവതരിപ്പിക്കുന്നു

കൊച്ചി: ഓണത്തോടനുബന്ധിച്ച് ബാത്ത് & ബോഡി വർക്കുകൾ സമ്മാന സെറ്റുകളും വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളും അവതരിപ്പിക്കുന്നു. പ്യൂവർ വണ്ടർ മിനി ഗിഫ്റ്റ് ബോക്സ് സെറ്റും (ഐഎൻആർ 2,999) ജാപ്പനീസ് ചെറി ബ്ലോസം ഗിഫ്റ്റ് ബോക്സ് സെറ്റും (ഐഎൻആർ 5,999) കൂടാതെ, ബട്ടർഫ്ലൈ ഫൈൻ ഫ്രാഗ്രൻസ് മിസ്റ്റ് (ഐഎൻആർ 2,199) പോലുള്ള വ്യക്തിഗത ഉൽപ്പന്നങ്ങൾ ഫ്രാഗ്രൻസ് ശേഖരത്തിൽ അവതരിപ്പിക്കുന്നു. ഈ സമ്മാനങ്ങൾ നിങ്ങളുടെ ഓണാഘോഷങ്ങൾക്ക് ആഡംബരത്തിന്റെ ഒരു സ്പർശം നൽകും. ശ്രേണി പര്യവേക്ഷണം ചെയ്യുക, കുടുംബാംഗങ്ങളുമായും സുഹൃത്തുക്കളുമായും സന്തോഷം പങ്കിടാൻ അനുയോജ്യമായ സമ്മാനം കണ്ടെത്തുക. ബാത്ത് & ബോഡി വർക്കുകൾ ഉപയോഗിച്ച് ഈ വിളവെടുപ്പ് ഉത്സവം കൂടുതൽ സവിശേഷമാക്കൂ.

വയോജന മെഡിക്കൽ ക്യാമ്പ് നടത്തി

തൃശ്ശൂർ കോർപ്പറേഷനും ദേശീയ ആയുഷ് മിഷനും അയ്യന്തോൾ ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറിയും സംയുക്തമായി വയോജന മെഡിക്കൽ ക്യാമ്പ് നടത്തി.എൽത്തുരുത്ത് ഡിവിഷൻ കൗൺസിലർ ശ്രീമതി സജിത ഷിബു ഉദ്ഘാടനം ചെയ്തു. എച്ച് എം സി മെമ്പർമാരായ കെ ബാബു, മോഹനൻ എന്നിവർ ആശംസകളറിയിച്ചു.അയ്യന്തോൾ ആയുർവേദ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ ഡോ. അനിത സുകുമാർ ക്യാമ്പിനെ കുറിച്ച് വിശദീകരിച്ചു. ഡോ. ദിവീന വയോജനങ്ങളുടെ മാനസികാരോഗ്യം എന്ന വിഷയത്തെപ്പറ്റി ക്ലാസെടുത്തു. യോഗ ഇൻസ്ട്രക്ടർ രേവതി യോഗ പരിശീലനം നടത്തി.

ഫിസിയോതെറാപ്പി വിഭാഗം ഡോ. അഷിക ജയൻ മറ്റു സ്റ്റാഫുകൾ ആതിര രാധ സുശീല രാഖി എന്നിവർ ക്യാമ്പിൽ പങ്കെടുത്തു. ഡോ.അനിത സുകുമാർ നയിച്ച ക്യാമ്പിൽ ഡോ. ദിവീന,ഡോ. കൃഷ്ണപ്രസാദ് , ഡോ. അലീന, ഡോ. ശ്രുതി, ഡോ. പ്രതിഭ, ആശാ വർക്കർമാരായ സിമി, സുനിത, സൗമ്യ, ലാബ് ടെക്നീഷ്യൻ ശാരി എന്നിവർ ക്യാമ്പിൽ സഹകരിച്ചു. 150 വ്യക്തികൾ ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിൽ പങ്കെടുത്ത വയോജനങ്ങൾക്ക് സൗജന്യ രക്ത പരിശോധന നടത്തി.

കുടുംബശ്രീ മിഷൻ പുതുക്കാട് സി ഡി എസ് കുടുംബശ്രീ ഓണം വിപണന മേള പുതുക്കാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ എം ബാബു രാജ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഷൈനി ജോജു അദ്ധ്യക്ഷയായിരുന്നു. ഗ്രാമ പഞ്ചായത്തംഗങ്ങളായ ഷാജു കാളിയേങ്കര, ആൻസി ജോബി, ഫിലോമിന ഫ്രാൻസീസ് സി ഡി എസ് ചെയർപേഴ്സൺ അമ്പിളി ഹരി എന്നിവർ പ്രസംഗിച്ചു.

അമല മെഡിക്കൽ കോളേജിൽ ഓണത്തോടനുബന്ധിച്ചു നടത്തിയ പൂക്കളമത്സരത്തിൽ ഇ.ൻ.ടി, ഗൈനെക്കോളജി വിഭാഗങ്ങൾ ഒന്നും രണ്ടും സമ്മാനങ്ങൾ നേടി.

കർഷക ചന്ത

കടുപ്പശ്ശേരി : വേളൂക്കര ഗ്രാമപഞ്ചായത്ത് കൃഷിഭവന്റെ നേതൃത്വത്തിൽ 11.09.2024 മുതൽ 14.09.2024 വരെ നടത്തുന്ന കർഷക ചന്ത പഞ്ചായത്ത് പ്രസിഡണ്ട് കെ.എസ്. ധനീഷ് ഉദ്ഘാടനം ചെയ്തു . വികസന കാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ യൂസഫ് കൊടകര പറമ്പിൽ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് മെമ്പർ വിൻസന്റ് കാനം കുട , കൃഷി ഓഫീസർ പി.ഒ. തോമസ്, സമിതി ഭാരവാഹികളായ എ.സി. സുരേഷ് , സുരേന്ദ്രൻ , കൃഷി അസി. ഓഫീസർ സലീഷ് എന്നിവർ പ്രസംഗിച്ചു.

കർഷകരിൽ നിന്നും മാർക്കറ്റ് വിലയിൽ നിന്നും 10 % അധിക വിലയ്ക്ക് പഴം പച്ചക്കറി എന്നിവ സംഭരിക്കുന്നു. ഉപഭോക്താക്കൾക്ക് മാർക്കറ്റ് വിലയുടെ 20 മുതൽ 30 % കിഴിവിൽ നാടൻ പഴം, പച്ചക്കറി എന്നിവ വിപണനം നടത്തുന്നു.

സ്പോട്ട് അഡ്മിഷൻ

തൃശൂർ ഗവ. എഞ്ചിനീയറിങ് കോളജിൽ ബി ടെക് /ബി ആർക്ക് കോഴ്സിലെ ഒഴിവുള്ള സീറ്റിലേക്ക് സെപ്റ്റംബർ 13ന് ഉച്ചയ്ക്ക് 12ന് സ്പോട്ട് അഡ്മിഷൻ നടത്തും. കീം റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർക്ക് പങ്കെടുക്കാം. വിശദ വിവരങ്ങൾ www.gectcr.ac.in ൽലഭിക്കും.

പന്തം കൊളുത്തി പ്രകടനം നടത്തി

പുതുക്കാട്: വിലകയറ്റം നിയന്ത്രിക്കാൻ സർക്കാർ അടിയന്തിരമായി പൊതുവിപണിയിൽ ഇടപെടുക. രാഷ്ട്രീയ ലാഭത്തിനായി തൃശ്ശൂർ പൂരം കലക്കിയ ഗൂഡാലോചനകാർക്കെതിരെ നടപടി സ്വീകരിക്കുക. ആഭ്യന്തരവകുപ്പിന്റെ ക്രിമിനൽവൽക്കരണം അവസാനിപ്പിക്കുക. മാഫിയ സംരക്ഷകനായ മുഖ്യമന്ത്രി രാജിവയ്ക്കുക എന്നാവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അളഗപ്പനഗർ മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പന്തം കൊളുത്തി പ്രകടനം നടത്തി. മണ്ഡലം പ്രസിഡന്റ് ജിമ്മി മഞ്ഞളി അധ്യക്ഷത വഹിച്ച യോഗത്തിൽ ഡിസിസി സെക്രട്ടറി സെബി കൊടിയൻ ഉത്ഘാടനം ചെയ്തു. ബ്ലോക്ക് കോൺഗ്രസ് കമിറ്റി പ്രസിഡന്റ് അലക്സ് ചുക്കിരി മുഖ്യപ്രഭാഷണം നടത്തി. മുൻ പഞ്ചായത്ത് പ്രസിഡന്റ് പ്രിൻസൺ തയ്യലാക്കൽ,ജയൻ കൂവക്കാടൻ, വർഗീസ്, സിജോ പുന്നക്കര,യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് ഹരൺ ബേബി തുടങ്ങിയവർ സംസാരിച്ചു.വാർഡ് മെമ്പർമാരായ ദിനിൽ പാലാപറമ്പിൽ, ജിജോ ജോൺ, മനോജ്സുന്ദർ, സുന്ദരൻ വേണ്ടോർ, സന്തോഷ് പോൾസൺ, ടി.സി മോഹൻ,ടിക്സൺ തുടങ്ങിയവർ പങ്കെടുത്തു.

തണൽ അംഗങ്ങളുടെ ഓണാഘോഷവും, കലാമേളയുംനടത്തി

പുതുക്കാട്: ഗ്രാമ പഞ്ചായത്ത് രണ്ടാം വാർഡിലെ തണൽ അംഗങ്ങളുടെ ഓണാഘോഷം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ തണൽ രണ്ടാം വാർഡ് പ്രസിഡണ്ട് ജഗ ജോസഫ് അധ്യക്ഷത വഹിച്ചയോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ അൽജോ പുളിക്കൻ ഉൽഘാടനം ചെയ്തു. പുതുക്കാട് പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സെബി കൊടിയൻ മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്ത് ഹോമിയോ മെഡിക്കൽ സുപ്രണ്ട് ഡോക്ടർ മീനു വയോജനങ്ങൾക്ക് ജീവിത ശൈലിയെ കുറിച്ചുള്ള ക്ലാസെടുത്തു. പുതുക്കാട് ഗ്രാമ പഞ്ചായത്തിലെ മികച്ച ജൈവ കർഷകഅവാർഡ് നേടിയ ഇ ഗ രാജീവ് ചെറായിയെ ചടങ്ങിൽ ആദരിച്ചു. ജജ ചന്ദ്രൻ, തണൽ ഭാരവാഹികളായ വിൻസൻറ് പുളിക്കൻ, ജോളി ചുക്കിരി, സേവീസ് അക്കര , റപ്പായി തൃക്കുക്കാരൻ എന്നിവർ സംസാരിച്ചു. അംഗങ്ങളുടെ ആജ പരിശോധിക്കുകയും ആയതിന്റെ നിർദ്ദേശങ്ങളും നൽകി. വിവിധ മത്സരങ്ങളും, കലാപരിപാടികളും നടത്തി.

വയോജന മെഡിക്കൽ (ആയുർവേദം) ക്യാമ്പ് നടത്തി

പുതുക്കാട്: ഗ്രാമപഞ്ചായത്തിന്റെയും ചെങ്ങാലൂർ ഗവ. ആയൂർവേദ ഡിസ്പെൻസറിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ തണൽ സംഘങ്ങളുടെ സഹകരണത്തോടെ പുതുക്കാട് സെന്റ് ആന്റണീസ് മിനി പാരീഷ് ഹാളിൽ വലയോജനങ്ങൾക്കായുള്ള ആയുർവേദ ക്യാമ്പും, സൗജന്യ രക്തപരിശോധനയും നടത്തി. പുതുക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൽഘടനം നിർവ്വഹിച്ചു. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സോമസുന്ദരൻ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ജനപ്രതിനിധികളായ സെബി കൊടിയൻ, ഷൈനി ജോജു , മെഡിക്കൽ ഓഫീസർ ഡോ. കവിത പി കെ , മെമ്പർമാരായ ആൻസി ജോബി, സുമഷാജു, രശ്മി ശ്രീ ഷോബ്, ഷാജു കാളിയങ്ങര, ഫിലോമന ഫ്രാൻസീസ്, സജീവൻ സി. പി, ടി കെ ചാക്കുണ്ണി എന്നിവർ സംസാരിച്ചു.

വിലകയറ്റം നിയന്ത്രിക്കാൻ സർക്കാർ അടിയന്തിരമായി പൊതുവിപണിയിൽ ഇടപെടുക. രാഷ്ട്രീയ ലാഭത്തിനായി തൃശ്ശൂർ പൂരം കലക്കിയ ഗൂഡാലോചനകാർക്കെതിരെ നടപടി സ്വീകരിക്കുക. ആഭ്യന്തരവകുപ്പിന്റെ ക്രിമിനൽവൽക്കരണം അവസാനിപ്പിക്കുക.മാഫിയ സംരക്ഷകനായ മുഖ്യമന്ത്രി രാജിവയ്ക്കുക എന്നാവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അളഗപ്പനഗർ മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പന്തം കൊളുത്തി പ്രകടനം നടത്തി. മണ്ഡലം പ്രസിഡന്റ് ജിമ്മി മഞ്ഞളി അധ്യക്ഷത വഹിച്ച യോഗത്തിൽ ഡിസിസി സെക്രട്ടറി സെബി കൊടിയൻ ഉത്ഘാടനം ചെയ്തു. ബ്ലോക്ക് കോൺഗ്രസ് കമിറ്റി പ്രസിഡന്റ് അലക്സ് ചുക്കിരി മുഖ്യപ്രഭാഷണം നടത്തി. മുൻ പഞ്ചായത്ത് പ്രസിഡന്റ് പ്രിൻസൺ തയ്യലാക്കൽ,ജയൻ കൂവക്കാടൻ, വർഗീസ്, സിജോ പുന്നക്കര,യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് ഹരൺ ബേബി തുടങ്ങിയവർ സംസാരിച്ചു.വാർഡ് മെമ്പർമാരായ ദിനിൽ പാലാപറമ്പിൽ, ജിജോ ജോൺ, മനോജ് സുന്ദർ, സുന്ദരൻ വേണ്ടോർ, സന്തോഷ്പോൾസൺ, ടി.സി മോഹൻ,ടിക്സൺ തുടങ്ങിയവർ പങ്കെടുത്തു.